# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

2021 ആഗസ്റ്റ് 03

**നമ്പർ : 69**

<u>വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നോട്ടീസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു.</u>

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ ഇനം 38 ആണ് വൈദ്യുതി മേഖല. ഇത്തരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള ഒരു മേഖലയെ സമഗ്രമായി ബാധിക്കുന്ന 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ തയ്യാറാവുമ്പോൾ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്രസർക്കാരിന് ബാദ്ധ്യതയുണ്ട്. ഇതാണ് സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത. 2020 ജൂലൈ മാസത്തിൽ കേന്ദ്ര വൈദ്യുതി സഹമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ കേരളമടക്കം നിരവധി സംസ്ഥാനങ്ങൾ വൈദ്യുതി നിയമഭേദഗതി സംബന്ധിച്ച് അന്ന് അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ തങ്ങൾക്കുള്ള വിയോജിപ്പ് വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യങ്ങൾ അതതു സംസ്ഥാനങ്ങളുമായി നേരിട്ടു ചർച്ച ചെയ്തല്ലാതെ നിയമഭേദഗതിയുമായി മുന്നോട്ടുപോകുകയില്ലെന്ന് കേന്ദ്ര സഹമന്ത്രി ആ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തു. എന്നാൽ, അന്ന് അവതരിപ്പിക്കപ്പെട്ടതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരുന്നത്.

വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല എന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം. സംസ്ഥാന സർക്കാരുകൾക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനോ യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഈ രംഗത്ത് യഥേഷ്ടം കടന്നുവരാനും പ്രവർത്തിക്കാനും ഭേദഗതിയിലൂടെ സാധിക്കും. ഇങ്ങനെ കടന്നുവരുന്ന കമ്പനികൾക്ക് ഉണ്ടാകേണ്ട യോഗ്യതകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്.

പുതിയ വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിലടക്കം ഒരു രീതിയിലുമുള്ള മുതൽമുടക്കും നടത്താൻ ബാദ്ധ്യതയില്ല. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെ തന്നെ വൈദ്യുതി കടത്തിക്കൊണ്ടുപോകാനും വിൽക്കാനും അവർക്ക് അവകാശമുണ്ടാകും. നിലവിലുള്ള വൈദ്യുതി സ്ഥാപനത്തിന്റെ കൈവശമുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങൽ കരാറുകളിൽ നിന്നും പുതുതായി കടന്നുവരുന്ന കമ്പനികൾക്ക് വിഹിതം അനുവദിക്കണമെന്നും നിയമഭേദഗതി അനുശാസിക്കുന്നു. ഇങ്ങനെ വൈദ്യുതി ആസ്തികളുടെ നിർമ്മാണത്തിനോ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനോ യാതൊരു മുതൽമുടക്കുമില്ലാതെ കടന്നുവരാൻ കഴിയുന്നതിനാൽ ലാഭമിടിഞ്ഞാൽ എളുപ്പത്തിൽ പിൻവാങ്ങുന്നതിനും സ്വകാര്യ കമ്പനികൾക്ക് അവസരം ലഭിക്കുന്നു. വൈദ്യുതി വിതരണരംഗത്ത് തികഞ്ഞ അനിശ്ചിതത്വം നിർദ്ദിഷ്ട നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാധ്യതയുണ്ട്.

വൈദ്യുതി വിതരണരംഗത്ത് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക്, എല്ലാവർക്കും വൈദ്യുതി നൽകാനുള്ള ബാദ്ധ്യത പുതിയ നിയമം നിഷ്കർഷിക്കുന്നില്ല. വിതരണരംഗം ലാഭകരമായ നഗര പ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന വാണിജ്യമടക്കമുള്ള മേഖലകളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനും സ്വകാര്യ കമ്പനികൾക്ക് അവസരമൊരുക്കുകയാണ് ഭേദഗതി ചെയ്യുന്നത്. ഇങ്ങനെ ലാഭകരമായ മേഖലകളെല്ലാം സ്വകാര്യ മേഖല കൈക്കലാക്കുന്നു. നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി നൽകേണ്ട ബാദ്ധ്യത പൊതുമേഖലയുടെ ചുമലിലുമാക്കുന്നു. ലാഭം സ്വകാര്യ മേഖലയ്ക്കും നഷ്ടം പൊതുമേഖലയ്ക്കുമെന്ന ഈ അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേക്കും അതുവഴി സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കുമാണ് നയിക്കുക. ഇത്തരം പരിഷ്കരണങ്ങളുടെ അന്താരാഷ്ട്ര അനുഭവവും അതുതന്നെയാണ്. സാധാരണ ഗാർഹിക ഉപഭോക്താക്കളുടേയും കാർഷിക ഉപഭോക്താക്കളുടേയും വൈദ്യുതി നിരക്കുകൾ അതിഭീമമായി ഉയരുന്നതിനാണ് നിയമഭേദഗതി കാരണമാകുക.

നിയമഭേദഗതിക്കുശേഷവും വൈദ്യുതി ലൈനുകളുടെ നിർമ്മാണവും പരിപാലനവുമൊക്കെ നിലവിലുള്ള പൊതുമേഖലാ വിതരണ യൂട്ടിലിറ്റികളുടെ തന്നെ ഉത്തരവാദിത്തമായി തുടരും. എന്നാൽ പുതിയ സാഹചര്യത്തിൽ പൊതുമേഖലാ കമ്പനിയുടെ സാമ്പത്തിക അടിത്തറ ദുർബലമാകുന്നതോടെ ലൈനുകളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും പരിപാലനവുമെല്ലാം

താളം തെറ്റും. വർദ്ധിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവുമെല്ലാം തിരിച്ചു വരുകയും ചെയ്യും.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും അവർക്ക് നിർദ്ദേശങ്ങൾ നൽകാനും കേന്ദ്രസർക്കാരിന് അധികാരമുണ്ടാകുമെന്ന് നിയമഭേദഗതിയിലുണ്ട്. വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതടക്കമുള്ള കാര്യങ്ങളിലെല്ലാം കേന്ദ്രനിർദ്ദേശം ബാധകമാകും. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രവർത്തനക്ഷമമല്ലെങ്കിൽ കമ്മീഷന്റെ ചുമതല മറ്റേതെങ്കിലും സംസ്ഥാനത്തുള്ള കമ്മീഷനിൽ നിക്ഷിപ്തമാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടാകുമെന്നും നിയമഭേദഗതി വ്യക്തമാക്കുന്നു. സംസ്ഥാനങ്ങളിലെ അക്ഷയ ഊർജ്ജ വികസനമടക്കമുള്ള കാര്യങ്ങളിലും കേന്ദ്രസർക്കാരിന്റെ നിയന്ത്രണം ഉറപ്പുവരുത്തുന്നതാണ് ഭേദഗതി.

പൊതുവേ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് മുൻകാലങ്ങളിലെല്ലാം കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങളുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾപോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ വൈദ്യുതി ഭേദഗതി ബിൽ മുന്നോട്ടുവെക്കുന്നത്. വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാക്കുന്ന, സാധാരണക്കാരന് വൈദ്യുതി അപ്രാപ്യമാക്കുന്ന ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ്. വൈദ്യുതി മേഖല സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഫെഡറൽ ഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തും.

മേൽകാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണമെന്നും 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.